അരുവിക്കര കാളിയാമുഴിയിൽ നടത്തിയ മണൽ ഖനനം

174 (1644) ശ്രീ. എം. എ. വാഹീദ് :
ശ്രീ. ജോർജ് മേഴ്സിയർ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ തിരുവനന്തപുരം ജില്ലയിലെ അരുവിക്കര കാളിയാമുഴിയിൽ നടത്തിയ മണൽഖനന പ്രവർത്തനങ്ങൾക്കായി ആകെ എത്ര ലക്ഷം രൂപയുടെ പണിയാണ് ഇതുവരെ നടത്തിയതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിന്റെ പ്രവർത്തനങ്ങളിലെ ക്രമക്കേടുകളെക്കുറിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് പെർഫോർമൻസ് ഓഡിറ്റ് നടത്തുകയുണ്ടായോ ;

(സി) തൊഴിലുറപ്പ് പദ്ധതിക്ക് ചെലവഴിക്കാൻ വ്യവസ്ഥയില്ലാതിരുന്ന എന്തൊക്കെ പ്രവർത്തനങ്ങൾ ഇവിടെ നടത്തി എന്നാണ് കണ്ടെത്തിയിരുന്നത് ;

(ഡി) ഇവിടെ തൊഴിലാളികൾക്ക് ഭക്ഷണത്തിനായി എന്തു തുകയാണ് ചെലവഴിച്ചത് ; ഈ തുക സർക്കാർ നൽകിയിട്ടുണ്ടോ ;

(ഇ) ഇവിടെ നിന്നും ഇതുവരെ എത്ര രൂപയുടെ മണൽ വില്ക്കാനായി എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 72,64,314 രൂപ (എഴുപത്തി രണ്ട് ലക്ഷത്തി അറുപത്തി നാലായിരത്തി മുന്നൂറ്റി പതിനാല് രൂപ മാത്രം)

(ബി) പെർഫോർമൻസ് ആഡിറ്റ് നടത്തുകയുണ്ടായിട്ടുണ്ട്.

(സി) മണ്ണു മാന്തി യന്ത്രത്തിന്റെ ഉപയോഗം, തൊഴിലാളികളുടെ യാത്രയ്ക്ക് വാഹനങ്ങൾ ഏർപ്പെടുത്തിയത് എന്നിവയാണ്.

(ഡി) 7,53,890 രൂപ (ഏഴ് ലക്ഷത്തിഅമ്പത്തിമൂവായിരത്തി എണ്ണൂറ്റി തൊണ്ണൂറ് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. ഈ തുക ഗവൺമെന്റ് അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

(ഇ) 3,91,291 രൂപ (മൂന്ന് ലക്ഷത്തി തൊണ്ണൂറ്റി ഒന്നായിരത്തി ഇരുന്നൂറ്റി തൊണ്ണൂറ്റിയൊന്ന് രൂപ മാത്രം)

LIBRARY ARCHIVES Kerala Legislative Assembly